"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്- ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുണ്ടെന്ന് കണ്ടെത്തിയ 5 കുടുംബങ്ങൾക്ക് നിർമ്മാണാനുകൂല്യം നൽകുന്നതിനും തുടർഗഡുക്കൾ വിതരണം ചെയ്യുന്നതിനും അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1166/2022/LSGD തീയതി,തിരുവനന്തപുരം, 07-05-2022

പരാമർശം:- 1. സ.ഉ (എം.എസ്) 151/2017/ത. സ്വ.ഭ.വ, തീയതി 31.07.2017

2. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.09.2021-ലെ ബി.2/573/2021 നമ്പർ കത്ത്.

3. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ 18.08.2021-ലെ 5 (1) - നമ്പർ തീരുമാനം.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/11/2021 -ലെ എൽ.എം-103/2019/ ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത 5 കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം അനുവദിച്ച് നൽകുകയുണ്ടായി. ലൈഫ് ഭവന പദ്ധതിയിലെ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കളുടെ മാതൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ അതേ പേരുള്ള വ്യക്തികളായതിനാൽ പരിശോധന സമയത്ത് ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയുണ്ടായില്ലായെന്നും അതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ സൂചന (3 ) തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ടി വ്യക്തികളുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ഒന്നും രണ്ടും ഗഡുക്കൾ ഭവന നിർമ്മാണത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാർ വച്ച് ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന് സ്ഥലംമാറ്റം ലഭിക്കുകയും പുതിയ നിർവ്വഹണ ഉദ്യോഗസ്ഥൻ ചുമതല ഏറ്റെടുത്ത് തുടർഗഡുക്കൾ നൽകുന്നതിനായി ഫയൽ പരിശോധിച്ചപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതെന്നും ടി കുടുംബങ്ങളുടെ അർഹത, മാനദണ്ഡ പ്രകാരം പരിശോധിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള 5 കുടുംബങ്ങൾക്കാണ് ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളതെന്നും അതിനാൽ തുടർ ഗഡുക്കൾക്ക് അനുമതി നൽകണമെന്നും സൂചന (4) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട് ടി 5 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ശ്രീമതി. ആബിദ ബീവി,

നൌഫിയ മൻസിൽ,
മീരാൻവെട്ടികരിക്കകം, പെരിങ്ങമ്മല -
റേഷൻ കാർഡ് നം. 1105050872

2) ശ്രീമതി. വസന്തകുമാരി,
തടത്തരികത്ത് വീട്, മാന്തുരുത്തി, പെരിങ്ങമ്മല,
റേഷൻ കാർഡ് നം. 1105050501

3) ശ്രീ. സുകുമാരൻ നായർ,
പടിഞ്ഞാറ്റിൻകര വീട്, നരിക്കല്ല്, തെന്നൂർ
റേഷൻ കാർഡ് നം. 1105085409

4) ശ്രീമതി. തങ്കമ്മ, തടത്തരികത്ത് വീട്,
പണ്ടാരക്കോണം, പനങ്ങോട് പി.ഒ,
റേഷൻ കാർഡ് നം. 1105120003

5) ശ്രീമതി.ഖദീജ ബീവി,
ഫാത്തിമ മൻസിൽ, കട്ടക്കാൽ,
ദൈവപ്പുര പി.ഒ, പെരിങ്ങമ്മല
റേഷൻ കാർഡ് നം. 1105149496

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും നിർമ്മാണ ആനുകൂല്യത്തിന്റെ ഒന്നും രണ്ടും ഗഡുക്കൾ തെറ്റായി നൽകുകയും ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതുമായ മേൽപ്പറഞ്ഞ 5 കുടുംബങ്ങൾക്ക് നിർമ്മാണാനുകൂല്യം നൽകുന്നതിനും തുടർഗഡുക്കൾ വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ , തിരുവനന്തപുരം

ജില്ലാ കോർഡിനേറ്റർ,ലൈഫ് മിഷൻ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ(വിംഗ്) , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 07-05-2022 15:27:18**
സെക്ഷൻ ഓഫീസർ